# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 2006 10.10.2011-ൽ മറുപടിയ്ക്ക്**

## കോഴിക്കോട് മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ് കുമാർ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ തുടർച്ചയായി വെള്ളം മുടങ്ങുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ തുടർച്ചയായി വെള്ളം മുടങ്ങാറില്ല. വല്ലപ്പോഴും വെള്ളം മുടങ്ങുമ്പോൾ അക്കാര്യം വാട്ടർ അതോറിറ്റിയെ അറിയിച്ച് പരിഹരിക്കാറുണ്ട് |
| (ബി) ആശുപത്രിക്കകത്ത് ജലവിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ആവിഷ്ക്കരിച്ചതെന്ന് വിശദമാക്കുമോ; | (ബി) ആശുപത്രിക്കകത്ത് ജലവിതരണം കാര്യക്ഷമമാക്കുന്നതിന് മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുകളിൽ പി.വി.സി ജലസംഭരണികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജലനിധി സംഭരണിയിലെ വെള്ളവും ഉപയോഗിക്കാറുണ്ട്. |
| (സി) ജലവിതരണം കാര്യക്ഷമമാക്കുന്നതിനായി ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കുമോ; | (സി) മെഡിക്കൽ കോളേജ് ആശുപത്രി, ചെസ്റ്റ് ഹോസ്പിറ്റൽ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നിവിടങ്ങളിലെ പമ്പ് ഓപ്പറേറ്റ് ചെയ്യാൻ പി.ഡബ്ല്യു.ഡി. നിയമപ്രകാരം ഒരു നിശ്ചിത കാലയളവിലേക്ക് കരാർ നൽകുകയും പ്രസ്തുത കരാറുകാർ പമ്പ് ഓപ്പറേറ്റ് ചെയ്ത് വെള്ളം ആശുപത്രിയിലേക്ക് എത്തിക്കുകയും ചെയ്യുന്നു. |
| (ഡി) ഇവിടെ ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) മെഡിക്കൽ കോളേജ് ആശുപത്രിയിൽ പമ്പ് ഓപ്പറേറ്റർ തസ്തിക നിലവിലില്ല. പി.ഡബ്ല്യു.ഡി. നിയമപ്രകാരം കരാർ ഏറ്റെടുത്തവരാണ് നിലവിലുള്ള മൂന്ന് പമ്പുകളും ഓപ്പറേറ്റ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ